**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3280** **08-10-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് - പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് - പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയ്ക്കായുള്ള സ്ഥലമെടുപ്പും അനുബന്ധ നടപടിക്രമങ്ങളും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് - പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേ നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി രേഖ (DPR) പുരോഗമിക്കുന്നു. ഈ പാതയുടെ സ്ഥലമേറ്റെടുപ്പിന്റെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | കോഴിക്കോട് - പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് എൻട്രി / എക്സിറ്റ് പോയിന്റുകൾ ഉള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | കോഴിക്കോട് - പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേ ഒരു ഹൈസ്പീഡ് കോറിഡോർ ആയി വികസിപ്പിക്കാനാണ് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് നിർദ്ദേശം നൽകിയിരിക്കുന്നത്. അതിവേഗ ഹൈവേയിലെ സുരക്ഷ കണക്കിലെടുത്ത്, കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശ പ്രകാരം , നിലവിൽ നിർദ്ദേശിക്കപ്പെട്ട എൻട്രി /എക്സിറ്റ് പോയിന്റുകളുടെ എണ്ണം പുതുക്കി നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ച് വരുകയാണ് എന്ന് നിർവഹണ ഏജൻസിയായ ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ഡി) | ആദ്യം നിർദേശിച്ച എൻട്രി /എക്സിറ്റ് പോയിന്റുകൾ പരിമിതപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദേശം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | സി പിരിവിന്റെ അതേ മറുപടി |
| (ഇ) | പരിമിതപ്പെടുത്തുകയാണെങ്കിൽ വാഴയൂർ പഞ്ചായത്തിലെയും കോഴിക്കോട് വിമാനത്താവളത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള ഇരുപ്പൻ തൊട്ടുവിലെയും എൻട്രി പോയിന്റുകൾ നിലനിർത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | സി പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| കോഴിക്കോട് പാലക്കാട് ഗ്രീൻഫീൽഡ് ദേശീയപാത സ്ഥലമേറ്റെടുപ്പ് | |
|---|---|
| 3 എ നോട്ടിഫിക്കേഷൻ | 100% |
| 3 ഡി നോട്ടിഫിക്കേഷൻ | 96.21% |
| 3 ജി നോട്ടിഫിക്കേഷൻ | 94.94% |
| 3 എച്ച് നോട്ടിഫിക്കേഷൻ | 87.59% |